പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 130

# 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

1974-ലെ കേരള സർവ്വകലാശാല ആക്റ്റും, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും, 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്റ്റും, 1996-ലെ കണ്ണൂർ സർവ്വകലാശാലാ ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള സർവ്വകലാശാലാ ആക്റ്റും, 1975-ലെ കോഴിക്കോട് സർവ്വകലാശാലാ ആക്റ്റും, 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്റ്റും, 1996-ലെ കണ്ണൂർ സർവ്വകലാശാലാ ആക്റ്റും താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2007 ഫെബ്രുവരി 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17), 21-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ഇനം (സി)യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(ഡി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്ത അംഗം."

3. 1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) 21-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ഇനം (സി)യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(ഡി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്ത അംഗം".

4. 1994-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) 12-ാം വകുപ്പിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ഇനം (iv)-ന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(v) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്ത അംഗം".

5. 1996-ലെ 22-ാം ആക്റ്റിനുള്ള ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22), 23-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ഇനം (ഇ)യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(എഫ്) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്ത അംഗം".

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിലെ (2007-ലെ 46) 5-ാം വകുപ്പ് ഒഴികെയുള്ളവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് പ്രകാരവും 1975-ലെ കോഴിക്കോട് സർവ്വകലാശാലാ ആക്റ്റ് പ്രകാരവും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്റ്റ് പ്രകാരവും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് പ്രകാരവും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് പ്രകാരവും 1975-ലെ കോഴിക്കോട് സർവ്വകലാശാലാ ആക്റ്റ് പ്രകാരവും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്റ്റ് പ്രകാരവും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് പ്രകാരവും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓർഡിനൻസിന്റെ (2007-ലെ 2) 3-ാം വകുപ്പ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപവൽക്കരിക്കുവാൻ സംസ്ഥാന ഗവൺമെന്റിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഓർഡിനൻസിന്റെ 17-ാം വകുപ്പ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതിക്ക് അതിലെ ഒരംഗത്തെ സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയിലെയും സിൻഡിക്കേറ്റിലേക്ക് നാമനിർദ്ദേശം ചെയ്യാൻ അധികാരം

നൽകുന്നുണ്ട്. 1974-ലെ കേരള സർവ്വകലാശാല ആക്റ്റിനും, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിനും, 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ആക്റ്റിനും, 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിനും, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിനും അനന്തരഫലമായി ഭേദഗതികൾ അനിവാര്യമായിത്തീർന്നു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നല്കേണ്ടിയിരുന്നതിനാലും, 2007 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണർ, 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2007-ലെ 16-ാം നമ്പർ ഓർഡിനൻസായി വിളംബരപ്പെടുത്തുകയും ആയത് 2007 ഫെബ്രുവരി 5-ാം തീയതിയിലെ 219-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് 2007 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2007 മാർച്ച് 29-ാം തീയതി അവസാനിച്ച XII-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ, പാസ്സാക്കുവാനോ സാധിച്ചില്ല.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നല്കേണ്ടിയിരുന്നതിനാലും, 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2007-ലെ മാർച്ച് 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007-ലെ 25-ാം നമ്പർ ഓർഡിനൻസായി 2007 ഏപ്രിൽ 2-ാം തീയതിയിലെ 630-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ്, 2007 ജൂൺ 19-ാം തീയതി ആരംഭിച്ച് 2007 ജൂലൈ 26-ാം തീയതി അവസാനിച്ച XII-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ, പാസ്സാക്കുവാനോ സാധിച്ചില്ല.

6. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നല്കേണ്ടിയിരുന്നതിനാലും, 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2007 ജൂലൈ 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007-ലെ 46-ാം നമ്പർ ഓർഡിനൻസായി, 2007 ജൂലൈ 30-ാം തീയതിയിലെ 1406-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എം. എ. ബേബി

(ശരിത്തർജ്ജമ)

## 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) പ്രസക്ത ഭാഗം

** ** ** **

21. സിൻഡിക്കേറ്റ്.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതിയായിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

** ** ** **

** ** ** **

മറ്റ് അംഗങ്ങൾ

(എ) ** ** ** **

(സി) 17-ാം വകുപ്പിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (4)-ാം ഇനത്തിൽ പരാമർശിക്കപ്പെട്ട, സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

** ** ** **

## 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ (1975-ലെ 5) പ്രസക്ത ഭാഗം

21. സിൻഡിക്കേറ്റ്.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതിയായിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

** ** ** **

** ** ** **

മറ്റ് അംഗങ്ങൾ

(എ) ** ** ** **

(സി) 17-ാം വകുപ്പിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (5)-ാം ഇനത്തിൽ പരാമർശിക്കപ്പെട്ട, സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

** ** ** **

## 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ (1994-ലെ 5) പ്രസക്ത ഭാഗം

** ** ** **

12. സിൻഡിക്കേറ്റ്.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ നിർവ്വഹണാധികാര സ്ഥാനമായിരിക്കുന്നതും അത് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്നതുമായിരിക്കും, അതായത്:—

** ** ** **

** ** ** **

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

** ** ** **

** ** ** **

(iv) ചാൻസിലർ, ആവർത്തനക്രമമനുസരിച്ച് നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റിയുടെ ഒരു ഡീൻ :

** ** ** **

## 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിന്റെ (1996-ലെ 22) പ്രസക്ത ഭാഗം

** ** ** **

"23. സിൻഡിക്കേറ്റ്.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതിയായിരിക്കുന്നതും, അത് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതുമാണ്, അതായത്:—

** ** ** **

** ** ** **

മറ്റ് അംഗങ്ങൾ

(എ) ** ** ** **

** ** ** **

(ഇ) 19-ാം വകുപ്പിൻ കീഴിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൽ (iv)-ാം ഇനത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള, സർക്കാർ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ;".